

# സി.പി.എമ്മുമായി സഹകരണം: കോൺഗ്രസിൽ ഭിന്നത മുല്ലപ്പള്ളിയെ തള്ളി ബെന്നി

▸ കെ.പി.കൈലാസ്നാഥ്

തിരുവനന്തപുരം: ആയുധവും അക്രമ രാഷ്ട്രീയവും ഉപേക്ഷിച്ചാൽ കേരളത്തിലും സി.പി.എമ്മുമായി സഹകരിക്കാൻ തയാറാണെന്ന കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രന്റെ പ്രസ്താവനയെ തള്ളി സംസ്ഥാനത്തെ കോൺഗ്രസ് നേതാക്കൾ. തങ്ങൾക്കിത് ദഹിക്കാനാവുന്ന നിലപാടല്ലെന്ന് കേരളത്തിലെ ചില കോൺഗ്രസ് നേതാക്കൾ പറയുന്നു. മുസ്ലീംലീഗ് പ്രവർത്തകനായ കണ്ണൂരിലെ അരിയൽ ഷുക്കൂറിനെ വിചാരണ ചെയ്ത് കൊലപ്പെടുത്തിയ കേസിൽ സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജനെയും ടി.വി.രാജേഷ് എം.എൽ.എയെയും പ്രതിയാക്കി സി.ബി.ഐ, കോടതിയിൽ കുറ്റപത്രം നൽകിയതോടെ സി.പി.എമ്മുമായി ഒരു തരത്തിലുള്ള സഖ്യത്തിനും സാദ്ധ്യതയില്ലെന്ന നിലപാടിലാണ് സംസ്ഥാന നേതാക്കൾ.

നേരത്തെ മുല്ലപ്പള്ളിയുടെ പ്രസ്താവന തള്ളി കെ. മുരളീധരൻ രംഗത്ത് എത്തിയതിന് പിന്നാലെ യു.ഡി.എഫ് കൺവീനർ ബെന്നി ബഹനാനും ഇതേ നിലപാടുമായി രംഗത്തെത്തി. മുല്ലപ്പള്ളിയുടെ പ്രസ്താവന അനവസരത്തിലുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. ബെന്നി ബഹനാൻ 'ഫ്ളാഷു'മായി സംസാരിക്കുന്നു:

## അത് ഇമോഷണൽ പ്രസ്താവന

ദേശീയ തലത്തിലെ നിലവിലെ സ്ഥിതിയുടെ പേരിൽ സഖ്യ സാദ്ധ്യത സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത് യാറാണെന്ന് സി.പി.എം ഇങ്ങോട്ടല്ലേ വന്നു പറയേണ്ടത്. കെ.പി.സി.സി. പ്രസിഡന്റ് ചിലപ്പോൾ ഇമോഷണൽ ആകും. ദേശീയ തലത്തിലുള്ള കാര്യങ്ങളാണെങ്കിൽ ആ വിധത്തിലാണ് പറയേണ്ടത്. ഇനിയുള്ള ദിവസങ്ങളിൽ വളരെ സൂക്ഷിച്ചേ പ്രതികരിക്കാവൂ. മുല്ലപ്പള്ളിയുടെ നിലപാടിനെ തള്ളുന്നില്ലെങ്കിലും അതിപ്പോൾ പരസ്യമായി പറയില്ല. മുല്ലപ്പള്ളി തന്റെ പ്രസ്താവന ക്രമേണ തിരുത്താമെന്നാണ് കരുതുന്നത്.

## ശക്തി ലീഗിനുണ്ട്

കോൺഗ്രസിൽ സ്ഥാനാർത്ഥി നിർണയം തുടങ്ങിയിട്ടില്ല. മുകളിൽ നാഥനുണ്ടെന്ന തോന്നലുണ്ടായിട്ടുണ്ട്. കൂടാതെ ഇവിടെ ഒരു പ്രോസസിംഗ് ഉണ്ടാവും. ഇവിടെ സമവായം ഉണ്ടാക്കിയില്ലെങ്കിലും ഹൈക്കമാൻഡിന്റെ നേരിട്ടല്ലാതെയുള്ള ചില നിർദ്ദേശങ്ങൾ വരും. വിജയസാദ്ധ്യത സ്ഥാനാർത്ഥി നിർണയത്തിന് പ്രധാന ഘടകമാവും. 18 ന് യു.ഡി.എഫിൽ ഉഭയകക്ഷി ചർച്ച തുടങ്ങും. മൂന്നാം സീറ്റ് ചോദിക്കാനുള്ള ശക്തി ലീഗിനുണ്ട്. എന്നാൽ അവർ ദേശീയ സാഹചര്യം മനസിലാക്കി വഴങ്ങുമെന്നാണ് കരുതുന്നത്.

## ഉറപ്പിച്ച് പറയാനാവില്ല

കോൺഗ്രസിന്റെ എല്ലാ സിറ്റിംഗ് എം.പിമാർക്കും സീറ്റ് ഉണ്ടാകുമെന്ന് ഉറപ്പിച്ചു പറയാറായിട്ടില്ല. ഇതു സംബന്ധിച്ച വ്യക്തമായ ചിത്രമായിട്ടില്ല. പരമ്പരാഗത രീതിയിൽ നിന്നും സ്ഥാനാർത്ഥി നിർണയം മാറണം. ചില സോഷ്യൽ എൻജിനീയറിംഗും ഞങ്ങൾ പരിഗണിക്കുന്നുണ്ട്.

### യുവതികളെത്തുമെന്ന് റിപ്പോർട്ട്: കനത്ത സുരക്ഷയിൽ ശബരിമല

■ കുംഭമാസ പൂജകൾക്ക് ഇന്ന് വൈകിട്ട് 5ന് നട തുടക്കും

പത്തനംതിട്ട: കുംഭമാസ പൂജകൾക്ക് ഇന്ന് വൈകിട്ട് 5ന് ശബരിമല നട തുറക്കാനിരിക്കെ യുവതികളെത്തിയേക്കുമെന്ന ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊലീസ് ഒരുക്കിയിരിക്കുന്നത് ശക്തമായ സുരക്ഷ. മൂവായിരം പൊലീസുകാരുടെ സുരക്ഷാ വലയത്തിലാണ് നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശം.

യുവതികൾ എത്തിയാൽ പ്രതിഷേധം ഉണ്ടാകുമെന്നാണ് പൊലീസ് വിലയിരുത്തൽ. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ സുരക്ഷാ ചുമതല മൂന്ന് എസ്.പിമാർക്കാണ്. അയ്യപ്പ ഭക്തരെത്തുന്ന സ്വകാര്യ വാഹനങ്ങൾ നിലയ്ക്കലിൽ പാർക്ക് ചെയ്യണം. ഇവിടെ നിന്ന് കെ.എസ്.ആർ.ടി.സി ബസിലാണ് ഭക്തരെ പമ്പയിലേക്ക് കൊണ്ടുപോവുക.

തീർത്ഥാടന കാലത്തെപ്പോലെ പമ്പ മുതൽ സന്നിധാനം വരെ നാമജപവുമായി പ്രതിഷേധക്കാർ തമ്പടിക്കുമെന്നാണ് സൂചന. യുവതികളെത്തിയാൽ പ്രതിരോധം ശക്തമാക്കുമെന്ന് ബി.ജെ.പി നേതാക്കളും വ്യക്തമാക്കി. സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ വ്യാപാരത്തെ ബാധിക്കുമെന്നതിനാൽ കച്ചവടക്കാർക്ക് ലേലത്തുക ബാക്കി അടയ്ക്കാൻ ദേവസ്വം ബോർഡ് സാവകാശം അനുവദിച്ചിട്ടുണ്ട്.





ഡോ.രേണുരാജ്

# ബോൾഡാണ് രേണുരാജ്

▸ ആശാമോഹൻ

തിരുവനന്തപുരം: ഷാജി കൈലാസ് സംവിധാനം ചെയ്ത 'ദ കിംഗ്' എന്ന ചിത്രത്തിൽ മമ്മൂട്ടിയുടെ ഒരു ഡയലോഗുണ്ട് - 'യെസ് ഐ ഹാവ് ആൻ എക്സ്ട്രാ ബോൺ'. ആ ഡയലോഗാണ് ദേവികുളം സബ് കളക്ടർ രേണുരാജ് മൂന്നാറിലെ അനധികൃത കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികളെന്ന് പറഞ്ഞാൽ മറിച്ചൊരു അഭിപ്രായമുണ്ടാകാൻ സാദ്ധ്യതയില്ല. ഒരു എം.എൽ.എ അധിക്ഷേപിച്ച് സംസാരിച്ചിട്ടും ബോൾഡായി നിന്ന് നടപടികളുമായി മുന്നോട്ടുപോകാൻ ചങ്കൂറ്റം കാട്ടിയ ഐ.എ.എസുകാരി. ഡോ.രേണുരാജിന്റെ ഉറച്ച നിലപാടുകളാണ് ഇന്ന് കേരളം ചർച്ച ചെയ്യുന്നത്. ആദ്യ അവസരത്തിൽ തന്നെ ഐ.എ.എസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടി മലയാളിയുടെ അഭിമാനമായി മാറിയിരുന്ന ഈ ചങ്ങനാശേരിക്കാരി.ചെയ്യുന്ന ജോലിയോട് നൂറ് ശതമാനം ആത്മാർത്ഥത പുലർത്തിയതിന് സി.പി.എം എം.എൽ.എ അധിക്ഷേപിച്ചപ്പോഴും മടികൂടാതെ പറഞ്ഞു ഞാൻ മുന്നോട്ടു തന്നെയെന്ന്. ഐ.എ.എസിൽ ഓപ്ഷണൽ വിഷയമായി മലയാളം പഠിച്ചാണ് രേണുരാജ് സിവിൽ സർവീസിൽ മികച്ച വിജയം നേടിയത്. ബി.എ മലയാളം പാസായ അമ്മ വി.എം.ലതയിൽ നിന്നാണ് രേണു മലയാളം പഠിച്ചത്. സിവിൽ സർവീസിൽ മലയാളം തിരഞ്ഞെടുക്കാനും രേണുവിന് പ്രചോദനം ആയത് അമ്മ തന്നെ. ചങ്ങനാശേരി മലകുന്നം ശ്രീശൈലത്തിൽ റിട്ട. കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥനാണ് രേണുവിന്റെ പിതാവ് എം.കെ. രാജകുമാരൻ നായർ. രേണുവിന്റെ എല്ലാ പ്രയത്നങ്ങൾക്കും മാതാപിതാക്കൾക്കൊപ്പം പിന്തുണയുമായി നിൽക്കുന്നത് ഭർത്താവ് ഡോ. ഭഗതാണ്. കുട്ടിക്കാലത്തെ സ്വപ്നം

കളക്ടറാവുക എന്നതായിരുന്നു കുട്ടിക്കാലം മുതൽ രേണുവിന്റെ സ്വപ്നം. വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂളിൽ നിന്ന് പത്താം റാങ്കോടെ എസ്.എസ്.എൽ.സി പാസായി. തൃശ്ശൂർ സേക്രട്ട് ഹാർട്ട് കോൺവെന്റിൽ പ്ളസ്ടു. ഒപ്പം മെഡിക്കൽ എൻട്രൻസ് പരിശീലനവും. 60ാം റാങ്ക് നേടി എം.ബി.ബി.എസിന് കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശനം. 2013 ൽ ഹൗസ് സർജൻസി പൂർത്തിയാക്കിയതോടെ കോളേജിൽ സീനിയറായിരുന്ന കൊട്ടാരക്കര സ്വദേശി ഡോ. ഭഗത്തിനെ വിവാഹം കഴിച്ചു.

ഒരിക്കൽ മുറിഞ്ഞുപോയ സിവിൽ സർവീസ് സ്വപ്നത്തിലേക്ക് രേണുവിനെ നയിച്ചത് ഭഗത്താണ്. ഇതിനിടെ കൊല്ലം കല്ലുവാതുക്കൽ ഇ.എസ്.ഐ ആശുപത്രിയിൽ ഡോക്ടറായി നിയമനവും കിട്ടി. ജോലിക്ക് താത്കാലിക വിരാമം നൽകി ഒന്നരവർഷം സിവിൽ സർവീസ് പരീക്ഷയ്ക്കായി തയാറെടുത്തു. പഠന സൗകര്യാർത്ഥം തിരുവനന്തപുരത്തായി താമസം. അതിനിടെ അച്ഛന്റെ പെൻഷൻ മുടങ്ങിയത് കുടുംബത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കി. പൊൻകുന്നം ഡിപ്പോയിൽ ഡി.ടി.ഒ ആയിരിക്കെയാണ് അച്ഛൻ വിരമിച്ചത്. വീട്ടുവാടക കൊടുക്കാനും പഠന ചെലവിനും നന്നേ ബുദ്ധിമുട്ടി. ജോലി താത്കാലികമായി ഉപേക്ഷിച്ചതും ഭർത്താവ് ഭഗത് മംഗലാപുരത്ത് ഓർത്തോപീഡിക്സിൽ പി.ജി ചെയ്യുകയാണെന്നതും പണത്തിനുള്ള ഞെരുക്കം കൂട്ടി.

### സ്വപ്നം പൂവണിഞ്ഞു

ഒടുവിൽ ആ സ്വപ്നം പൂവണിഞ്ഞു. സിവിൽ സർവീസിൽ രണ്ടാംറാങ്ക്. പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും തിളങ്ങിയ രേണു ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം എന്നിവയും അഭ്യസിച്ചിട്ടുണ്ട്. സ്കൂൾ കാലത്ത് ജില്ലാ തലത്തിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മികച്ച പ്രാസംഗികയുമായിരുന്നു. മെഡിക്കൽ കോളേജിലെ പഠനകാലത്ത് 2008-09 ൽ കോളേജ് യൂണിയൻ വൈസ് ചെയർപേഴ്സൺ ആയിരുന്നു.

### ക്വാറിയിൽ തൊട്ട് തുടക്കം

തൃശ്ശൂരിൽ ജോലി നോക്കുന്ന സമയം. വടക്കാഞ്ചേരിക്കു സമീപമുള്ള ഒരു ക്വാറിക്കെതിരെ നടപടിയെടുത്തപ്പോഴേക്കും കേരളം ശ്രദ്ധിച്ചു ഈ യുവ ഐ.എ.എസുകാരിയെ. ഒരു സിപിഎം നേതാവിന്റെ സഹോദരൻ നടത്തിയിരുന്ന ക്വാറിയാണ് രേണു പൂട്ടിച്ചത്.



ദേവികുളം സബ് കളക്ടറായി വന്നപ്പോൾ മൂന്നാറിൽ മുതിരപ്പുഴയാറിന്റെ കരയിൽ ചട്ടം ലംഘിച്ച് വ്യവസായകേന്ദ്രം നിർമിക്കുന്നത് തടഞ്ഞതോടെ വീണ്ടും ശ്രദ്ധാകേന്ദ്രം. എസ്. രാജേന്ദ്രൻ എം.എൽ.എ അധിക്ഷേപിച്ചിട്ടും രേണുവിന്റെ ഉറച്ച നിലപാടിന് മുന്നിൽ അത് വിലപ്പോയില്ല.

ദേവികുളത്ത് മുമ്പൊരു സബ് കളക്ടറുണ്ടായിരുന്നു. തലയുയർത്തി നിന്ന് അനധികൃത കൈയേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിച്ച ശ്രീറാം വെങ്കിട്ടരാമൻ. രാഷ്ട്രീയ നേതൃത്വത്തിന്റെ ഇഷ്ടക്കേടിനെ തുടർന്ന് ആ പദവിയിൽ നിന്ന് അദ്ദേഹത്തെ മാറ്റിയെങ്കിലും പിൻഗാമിയും ഒട്ടും മോശമാക്കിയില്ല. ഒട്ടും പതറാതെ മുന്നോട്ട് നീങ്ങുന്ന രേണുരാജ്.